ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിന് നാളെ തുടക്കം. 2025-26 വർഷത്തേക്കുള്ള ധനബില്ലുകളുടെ ചർച്ചയും വോട്ടെടുപ്പും സെഷനിൽ നടക്കും.

**The second phase of the Parliament Budget Session begins tomorrow. The discussion and voting on the Finance Bills for the year 2025-26 will be held in the session.**

2. യു എന്നിൽ നാളെ ആരംഭിക്കുന്ന 69-ാമത് CSW സെഷനിൽ സ്ത്രീകളുടെ സമഗ്ര വികസനത്തിനായുള്ള ഇന്ത്യയുടെ ആശയങ്ങൾ കേന്ദ്ര മന്ത്രി അന്നപൂർണ ദേവി അവതരിപ്പിക്കും.

**Union Minister Annapurna Devi will present India's ideas for the holistic development of women at the 69th CSW session starting tomorrow at the UN.**

3. കാലിഫോർണിയയിലെ ചിനോ ഹിൽസിലെ ഹിന്ദു ക്ഷേത്രത്തിൽ നടന്ന ആക്രമണത്തെ അപലപിച്ച് കേന്ദ്ര സർക്കാർ.

**The Central Government condemns the attack on the Hindu temple in Chino Hills, California**

4. മത്സ്യബന്ധന മേഖലയുടെ വികസനത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സ്റ്റാർട്ടപ്പുകൾക്ക് നിർണായക പങ്കെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്.

**Union Minister Rajiv Ranjan Singh said that startups play a crucial role in the development of the fisheries sector and creation of employment opportunities.**

**5. കേരള ഗവർണർ രാജേന്ദ്ര അർലേക്കർ ഇന്ന് വയനാട്ടിൽ ഗോത്രപർവ്വം പരിപാടി ഉദ്ഘാടനം ചെയ്യും.**

**Kerala Governor Rajendra Arlekar will inaugurate the Gothra Parvam programme in Wayanad today**

**6. ICC ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റിൽ ഇന്ത്യ- ന്യൂസിലാൻറ് കിരീട പോരാട്ടം ഇന്ന് ഉച്ചയ്ക്ക് 2.30 ന്**

**The India-New Zealand title fight in the ICC Champions Trophy ODI cricket will be held today at 2.30 pm**

$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

## PARLIAMENT

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം നാളെ ആരംഭിക്കും. ഏപ്രിൽ 4 വരെ നീണ്ടുനിൽക്കുന്ന സമ്മേളനത്തിൽ 20 സിറ്റിങ്ങുകൾ ഉണ്ടാകും. 2025-26 വർഷത്തേക്കുള്ള ധനസഹായത്തിനായുള്ള ആവശ്യങ്ങളും അനുബന്ധ വിനിയോഗ ബില്ലും സംബന്ധിച്ച് ഈ സെഷനിൽ ചർച്ചയും വോട്ടെടുപ്പും നടക്കും. കൂടാതെ, ബാങ്കിംഗ് നിയമങ്ങൾ (ഭേദഗതി) ബിൽ, കോസ്റ്റൽ ഷിപ്പിംഗ് ബിൽ, ത്രിഭുവൻ സഹ്കാരി സർവകലാശാല ബിൽ, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, റെയിൽവേസ് (ഭേദഗതി) ബിൽ എന്നിവയുൾപ്പെടെ നിരവധി നിയമനിർമ്മാണങ്ങൾ പാർലമെന്റ് പരിഗണിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$

## MEA-PM MAURITIUS

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിനായി ചൊവ്വാഴ്ച പുറപ്പെടും. മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി പ്രധാനമന്ത്രി പങ്കെടുക്കും. മൗറീഷ്യസ് പ്രസിഡൻറ് ധരംബീർ ഗോഖൂളിനെ സന്ദർശിക്കുകയും പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ചർച്ച നടത്തുകയും ചെയ്യും. 2015 ന് ശേഷം ശ്രീ മോദിയുടെ ആദ്യ മൗറീഷ്യസ് സന്ദർശനമാണിത്.

$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**WCD MIN-UN VISIT**

ന്യൂയോർക്കിലെ യു എൻ ആസ്ഥാനത്ത് നാളെ ആരംഭിക്കുന്ന കമ്മീഷൻ ഓൺ ദി സ്റ്റാറ്റസ് ഓഫ് വുമൺ - CSW യുടെ 69-ാമത് സെഷനിൽ കേന്ദ്ര മന്ത്രി അന്നപൂർണ ദേവിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധി സംഘം പങ്കെടുക്കും. സെഷനിൽ സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി ഇന്ത്യ മുന്നോട്ടുവയ്ക്കുന്ന വിപ്ലവകരമായ ആശയങ്ങൾ അവതരിപ്പിക്കും. തുടർന്ന് നടക്കുന്ന മന്ത്രിതല വട്ടമേശ സമ്മേളനത്തിലും അവർ പങ്കെടുക്കും. ലിംഗസമത്വം, അവകാശങ്ങൾ, സ്ത്രീ ശാക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള U N ൻറെ ആഗോള ഇൻറർ ഗവൺമെൻറൽ സ്ഥാപനമാണ് CSW. ഈ മാസം 21 വരെയാണ് സെഷൻ .

$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**MEA-CALIFORNIA TEMPLE-**

കാലിഫോർണിയയിലെ ചിനോ ഹിൽസിലെ ഹിന്ദു ക്ഷേത്രത്തിൽ നടന്ന ആക്രമണത്തെ അപലപിച്ച് കേന്ദ്ര സർക്കാർ. ഇതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും ആരാധനാലയങ്ങൾക്ക് മതിയായ സുരക്ഷ ഉറപ്പാക്കാൻ നിർദേശം നൽകിയതായും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**RAJIVE RANJAN SINGH**

മത്സ്യബന്ധന മേഖലയുടെ വികസനത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സ്റ്റാർട്ടപ്പുകൾ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. ഹൈദരാബാദിൽ നടന്ന ഒരു

പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്റ്റാർട്ടപ്പുകൾക്ക് എല്ലാവിധ പിന്തുണയും നൽകുന്നതിൽ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി. PM-MKSSY പ്രകാരം വികസിപ്പിച്ചെടുത്ത നാഷണൽ ഫിഷറീസ് ഡിജിറ്റൽ പ്ലാറ്റ്ഫോം മൊബൈൽ ആപ്ലിക്കേഷനും ചടങ്ങിൽ അദ്ദേഹം പുറത്തിറക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$

**MANIPUR – JOINT OPERATIONS**

ഇന്നലെ മണിപ്പൂരിൽ ഇന്ത്യൻ സൈന്യവും അസം റൈഫിൾസും സംയുക്തമായി നടത്തിയ ഓപ്പറേഷനിൽ നിരവധി ആയുധങ്ങൾ കണ്ടെടുത്തു. 25 ആയുധങ്ങൾ, ഇംപ്രൊവൈസ്ഡ് എക്സ്പ്ലോസീവ് ഉപകരണങ്ങൾ, ഗ്രനേഡുകൾ, വെടിമരുന്ന്, മറ്റ് യുദ്ധസമാന സംഭരണികൾ എന്നിവയാണ് കണ്ടെടുത്തത്. മണിപ്പൂരിലെ ജിരിബാം, തെങ്നൗപാൽ, കാക്ചിംഗ്, ഉഖ്രുൾ തുടങ്ങിയ മേഖലകളിലായിരുന്നു ഓപ്പറേഷൻ . ഇതിന്റെ ഭാഗമായി കണ്ടെടുത്ത ബങ്കറുകളും സുരക്ഷാ സേന നശിപ്പിച്ചു. കണ്ടെടുത്ത വസ്തുക്കൾ മണിപ്പൂർ പൊലീസിന് കൈമാറി. മണിപ്പൂർ പോലീസ്, C R P F, B S F , I T B P എന്നിവയുടെ സഹകരണത്തോടെയായിരുന്നു ഓപ്പറേഷൻ.

$$$$$$$$$$$$$$$$$$$$$$$$$$$$

**GITHENDRA SINGH – JAMMU**

ജമ്മു കശ്മീരിലെ കത്വവ ജില്ലയിൽ തീവ്രവാദികൾ മൂന്ന് യുവാക്കളെ ക്രൂരമായി കൊലപ്പെടുത്തിയത് അങ്ങേയറ്റം ദുഃഖകരവും ആശങ്കാജനകവുമാണെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. പ്രദേശത്തിൻറെ സമാധാന അന്തരീക്ഷം തകർത്തതിന് പിന്നിൽ ആഴത്തിലുള്ള ഗൂഢാലോചനയുള്ളതായി അദ്ദേഹം സാമൂഹ്യ മാധ്യമ പോസ്റ്റിൽ വ്യക്തമാക്കി. ജമ്മു ഡിവിഷനെ തീവ്രവാദ വിമുക്തമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തര സെക്രട്ടറി ജമ്മുവിലെത്തി സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുമെന്ന് അദ്ദേഹം അറിയിച്ചു. കതുവ ജില്ലയിൽ നിന്ന് കാണാതായ മൂന്ന് യുവാക്കളുടെ മൃതദേഹങ്ങൾ ശനിയാഴ്ച സുരക്ഷാ സേന കണ്ടെത്തുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$

**VP-AIIMS**

ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറിനെ ഇന്നലെ രാത്രി ഡൽഹി എയിംസിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിൻറെ ആരോഗ്യനില നിലവിൽ തൃപ്തികരമാണെന്ന് ആശുപത്രി വൃത്തങ്ങൾ അറിയിച്ചു .

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**I S L**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ എഫ്സി-ജംഷഡ്പൂർ എഫ്സിയെ നേരിടും. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7:30 ന് ആണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-6**

**CHAMPIONS TROPHY(INTRO)**

***ICC ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റിൽ ഇന്ത്യ- ന്യൂസിലന്റ് കിരീട പോരാട്ടം ഇന്ന്. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30-നാണ് മത്സരം.***

*വിശദാംശങ്ങളിലേക്ക്........*

## *(VO)*

*ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കിരീട പോരാട്ടത്തിന് ഇനി അൽപ സമയം മാത്രം. ടൂർണമെന്റിലുടനീളം തോൽവിയറിയാതെ തുടർന്ന ഇന്ത്യ മൂന്നാം ചാമ്പ്യൻസ് ട്രോഫി കിരീടം ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ന് കളിക്കളത്തിലിറങ്ങുന്നത്. ഗ്രൂപ്പ് ഘട്ടത്തിൽ കിവീസിനെതിരെ 44 റൺസിന്റെ വിജയം നേടിയ ടീം കിരീടം ഉറപ്പാക്കാമെന്ന ആത്മവിശ്വാസത്തിലുമാണ്. ഇന്ത്യൻ ടീമിൽനിന്നുള്ള മികച്ച പ്രകടനം തന്നെയാണ് രാജ്യത്തിനകത്തും പുറത്തുമുള്ള ആരാധകരും*

*പ്രതീക്ഷിക്കുന്നത്. 2002 ലും 2013 ലും കിരീടം സ്വന്തമാക്കിയ ഇന്ത്യയ്ക്കെതിരായി കിരീടം സ്വന്തമാക്കാമെന്ന ആതാമവിശ്വാസത്തോടെയാണ് ന്യൂസിലൻഡും രംഗത്തിറങ്ങുക. ഇന്ത്യയ്ക്കെതിരായ ഒരു മത്സരമൊഴികെ ശേഷിക്കുന്ന എല്ലാ മത്സരങ്ങളും വിജയിച്ച ന്യൂസിലൻഡും അമിതാവേശത്തിലാണ്. രണ്ട് ക്രിക്കറ്റ് ഭീമന്മാർ തമ്മിലുള്ള ആവേശകരമായ കിരീട പോരാട്ടത്തിന് സാക്ഷിയാകാൻ ദുബായും ഒരുകിക്കഴിഞ്ഞു.*

*ന്യൂസ് ഡെസ്ക് ആകാശവാണി*

$$$$$$$$$$$$$$$$$$$$$$$$$$$$

**CPI-M CONFERENCE**

CPI(M) സംസ്ഥാന സമ്മേളനത്തിന്റെ അവസാന ദിവസത്തെ നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. പ്രതിനിധി സമ്മേളനത്തിൽ നയരേഖയിൻ മേലുള്ള ചർച്ചകൾക്ക് മുഖ്യമന്ത്രി മറുപടി നൽകും. തുടർന്ന് റിപ്പോർട്ട് അംഗീകരിക്കൽ, സംസ്ഥാന കമ്മിറ്റി തിരഞ്ഞെടുപ്പ്, പാർട്ടി കോൺഗ്രസ് പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് എന്നിവ നടക്കും. ഉച്ചയ്ക്കുശേഷം റെഡ് വോളണ്ടിയർ മാർച്ച് നടക്കും. വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കുന്ന പൊതുസമ്മേളനം പ്രകാശ് കാരാട്ട് ഉദ്ഘാടനം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$$$

**RAJNATH SINGH**

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ബംഗളൂരുവിലെ H .A . L എയർക്രാഫ്റ്റ് ഡിവിഷനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയ്റോസ്പേസ് മെഡിസിനും സന്ദർശിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$

**SABARIMALA (INTRO)**

*ശബരിമലയിൽ ദർശനത്തിനായി നടപ്പാക്കുന്ന പുതിയ പരിഷ്കാരം മീനമാസ പൂജയ്ക്കായി 14 ന് നട തുറക്കുമ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കും. ഇതിൻറെ ജോലികൾ അവസാനഘട്ടത്തിലാണ്.*

*__വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ.........__*

*__(വോയിസ്)__*

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**GOVERNOR - WAYANAD**

കേരള ഗവർണർ രാജേന്ദ്ര അർലേക്കർ ഇന്ന് വയനാട്ടിൽ. വിവിധ ഗോത്ര സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഗോത്രപർവ്വം പരിപാടി കൽപ്പറ്റയിൽ അദ്ദേഹം വൈകുന്നേരം ഉദ്ഘാടനം ചെയ്യും. കൂടാതെ ജില്ലയിൽ വിവിധ പരിപാടികളിലും ഗവർണർ പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**REVENUE MINISTER - ADM-V D SATHEESAN**

എഡിഎം, കെ. നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് ലാൻറ് റവന്യൂ ജോയിൻറ് കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് ആവശ്യമെങ്കിൽ പൊലീസിന് കൈമാറുമെന്ന് കേരള റവന്യൂ മന്ത്രി കെ രാജൻ. കോടതിയുടെ പരിഗണയിലുള്ള വിഷയത്തിൽ റിപ്പോർട്ട് സംബന്ധിച്ച് കൂടുതൽ പ്രതികരണത്തിലേക്കില്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, എഡിഎമിൻറെ മരണത്തിനു പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ ആരോപിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**REV PREZ.-ANANT DAS**

ഒഡീഷ മുൻ മന്ത്രി അനന്ത ദാസ് അന്തരിച്ചു. ഇന്ന് പുലർച്ചെ ഭുവനേശ്വറിലെ വസതിയിൽ ആയിരുന്നു അന്ത്യം. 85 വയസ്സായിരുന്നു. അനന്ത ദാസിൻറെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു അനുശോചനം രേഖപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**ISRAEL-CEASEFIRE-GAZA**

ഗസയിലെ വെടിനിർത്തൽ പുതുക്കുന്നതിനും ഹമാസിന്റെ തടവിലായ ഇസ്രായേലി ബന്ദികളെ മോചിപ്പിക്കുന്നതിനുമുള്ള ചർച്ചകൾക്കായി ഇസ്രായേൽ നാളെ ഖത്തർ തലസ്ഥാനമായ ദോഹയിലേക്ക് പ്രതിനിധി സംഘത്തെ അയയ്ക്കും. അമേരിക്കയുടെ പിന്തുണയുള്ള മധ്യസ്ഥ രാജ്യങ്ങളുടെ ക്ഷണം തെൽ അവീവ് സ്വീകരിച്ചതായി ഇസ്രായേൽ പ്രധാനമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞു. ഗസയിലെ രണ്ടാം ഘട്ട വെടിനിർത്തൽ കരാറിനായുള്ള ചർച്ചകൾ സംബന്ധിച്ച് ശുഭസൂചനകളുണ്ടെന്ന് ഹമാസ് നേരത്തെ പ്രസ്താവിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$

$$$$$$